പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്നും പത്തനംതിട്ട സർക്കിളിന്റെ കീഴിൽ അത് ഉൾപ്പെടുത്തണമെന്നും ഗ്രാമ പഞ്ചായത്ത് പ്രമേയം പാസാക്കി ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി അവർകളോട് 2-9-2003-ൽ അഭ്യർത്ഥിച്ചിട്ടുള്ളതാണ്. ഈ പ്രദേശത്ത് അധികാരികൾ എത്തിച്ചേരുന്നതിന് വളരെ കാലതാമസം ഉണ്ടാകുന്നതിനാൽ പ്രശ്നങ്ങൾ ഇവിടെ സങ്കീർണ്ണമാകുന്നു. ആയതിനാൽ ഇലവുംതിട്ട ആസ്ഥാനമാക്കി ഒരു പോലീസ് സ്റ്റേഷന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അങ്ങയെ അറിയിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : പത്തനംതിട്ട ജില്ലയിലെ മെഴുവേലി പഞ്ചായത്തിൽ ഇലവുംതിട്ട എന്ന സ്ഥലത്ത് ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന ബഹുമാനപ്പെട്ട മെമ്പറുടെ നിവേദനം ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രിക്ക് കിട്ടുകയും അദ്ദേഹം ആ കാര്യത്തിൽ അനുഭാവപൂർവ്വമായ നിലപാട് എടുക്കുകയും ചെയ്തു. പുതിയതായി പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റ് ഉണ്ടാക്കിയിട്ടുണ്ട്. അതിൽ 24-ാമതായിട്ടാണ് ഇലവുംതിട്ട ഉൾപ്പെടുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രത്യേകമായിട്ട് കാളിംഗ് അറ്റൻഷൻ രൂപത്തിൽ ഈ വിഷയം കൊണ്ടുവന്ന സാഹചര്യത്തിൽ ഈ വർഷം തന്നെ ഇലവുംതിട്ടയിൽ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീമതി മാലേത്ത് സരളാദേവി : ഈ പ്രയോറിറ്റി മാറ്റി കുറച്ചുകൂടി മുന്തിയ പരിഗണന നൽകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: 24-ാമത്തെ പ്രയോറിറ്റി മാറ്റി 2005-ൽ തന്നെ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

V സബ്മിഷൻ

(1) കൊട്ടരക്കര നിയോജകമണ്ഡലത്തിലെ അണ്ടൂരിൽ സാമൂഹ്യവിരുദ്ധരുടെ ആക്രമണം

ശ്രീ. ആർ ബാലകൃഷ്ണപിള്ള : സർ, വളരെ പ്രധാനപ്പെട്ടതും വളരെ വേദനാജനകവും ഗുരുതരവുമായ ഒരു പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആഭ്യന്തര വകുപ്പുമന്ത്രി എന്ന നിലയിൽ മാത്രമല്ല, മുഖ്യമന്ത്രി എന്ന നിലയിലും വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കഴിഞ്ഞ വെള്ളിയാഴ്ച വെളുപ്പിന് രണ്ടര മണിക്ക് എന്റെ ജന്മസ്ഥലമായ വാളകത്തിനടുത്ത് അണ്ടൂരിൽ ഒരു കൂട്ടം മദ്യമാഫിയയിൽപ്പെട്ട ആളുകൾ, പോലീസുമായിട്ട് വളരെയധികം ബന്ധമുണ്ടായിരുന്നുവെന്ന് കരുതപ്പെടുന്ന ആളുകൾ, പോലീസ് ഉദ്യോഗസ്ഥൻമാർ അവരുടെ കയ്യാളുകളാണ് എന്ന് അവകാശപ്പെടുന്ന ആളുകൾ, അവിടത്തെ വളരെ സാധാരണക്കാരായ ആറേഴ് ആളുകളുടെ വീട് അടിച്ച് പൊട്ടിക്കുകയും ടി.വി,. ഫ്രിഡ്ജ്, ഫർണിച്ചർ ഒക്കെ നശിപ്പിക്കുകയും കതക് കോടാലികൊണ്ട് വെട്ടിക്കീറുകയും വളരെ ഗുരുതരമായ രീതിയിൽ ആളുകളെ

LIBRARY ARCHIVES Kerala Legislative Assembly

ആക്രമിക്കുകയും ചെയ്യുകയുണ്ടായി. ഒരാൾ മരണാസന്നനായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടക്കുകയാണ്. ഏഴ് ആളുകൾ കൊട്ടാരക്കര ആശുപത്രിയിലാണ്. കയറിയ വീടുകളിലെ സ്വർണ്ണാഭരണങ്ങൾ കൊള്ള ചെയ്തു എന്ന് മാത്രമല്ല, സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും കഴുത്തിൽ കിടന്ന മാലകളും താലിമാല വരെ പൊട്ടിച്ചുകൊണ്ട് പോവുകയും ചെയ്തു. ഹൈന്ദവരായ ആളുകൾക്കും ക്രൈസ്തവരായ ആളുകൾക്കും താലിമാല അല്ലെങ്കിൽ മിന്നുകെട്ടുന്ന മാല വളരെ പ്രധാനമാണ്. സി.പി.ഐ. യുടെ കൊട്ടാരക്കര കമ്മിറ്റി ഓഫീസിൽ ജോലി ചെയ്യുന്ന ഒരു യുവാവിന്റെ വീട്ടിൽനിന്നും 50,000 രൂപയിലധികം വില വരുന്ന സ്വർണ്ണാഭരണങ്ങളും സാധനങ്ങളും കവർച്ച ചെയ്തു. കവർച്ചയ്ക്കു വന്നവരിൽ അൻപതോളം ആളുകൾ ഉണ്ടായിരുന്നു എന്നാണ് പറയപ്പെടുന്നത്. കൊട്ടാക്കരയിൽ ചില ഉദ്യോഗസ്ഥൻമാരെക്കുറിച്ച് ഞാൻ വളരെക്കാലമായി ആവശ്യപ്പെടുന്ന ഒരു കാര്യമുണ്ട്. അവിടെ ഇപ്പോൾ മദ്യ മാഫിയ, മണൽ മാഫിയ, പാറ മാഫിയ, ചെളി മാഫിയ ഇങ്ങനെയുള്ള മാഫിയകളാണുള്ളത്. അവിടെയുള്ള പോലീസ് സ്റ്റേഷനും എക്സൈസ് ഓഫീസുമൊക്കെ അവർ തന്നെയാണ് ഭരിക്കുന്നത്. മൂന്നരക്കൊല്ലം തുടർച്ചയായി ഒരു പോലീസ് സർക്കിൾ ഇൻസ്പെക്ടറെ അവിടെ വയ്ക്കുന്നത് വളരെ അപകടകരമാണ് എന്ന് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിക്ക് ഞാൻ കഴിഞ്ഞയാഴ്ചയും എഴുതി തന്നതാണ്. ഏപ്രിലിൽ മാറ്റാമെന്ന് അദ്ദേഹം പറഞ്ഞു.. കേരളത്തിന്റെ ചരിത്രത്തിൽ ഒരു സർക്കിൾ ഇൻസ്പെക്ടർ മൂന്നര കൊല്ലമായിട്ട് ഇരിക്കുന്ന സ്ഥലം കൊട്ടാരക്കരയിൽ മാത്രമാണ്. അതിന്റെ കാരണം ഞാൻ ഇപ്പോൾ പറയുന്നില്ല. വളരെ സ്വാധീനം ഉപയോഗിച്ചും മറ്റു ചിലരുടെ സ്വാധീനംമൂലവും ആ ഉദ്യോഗസ്ഥന്റെ തണലിലാണ് ഇതൊക്കെ ചെയ്യുന്നതെന്ന് പരസ്യമായി തന്നെ അവർ അവകാശപ്പെടുന്നു. അവിടെയുള്ള ഏഴ് വീടുകളാണ് തകർത്തത്. ഒന്ന് ശ്രീ. രാധാകൃഷ്ണപിള്ളയുടെ വീട്. അവർക്ക് ഏതാണ്ട് 10 ലക്ഷം രൂപയോളം നഷ്ടം വരും. ഈ സഭയിലെ തന്നെ അംഗമായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവിടെ സന്ദർശിച്ചു. കെ.പി.സി.സി.യുടെ സെക്രട്ടറി സന്ദർശിച്ചു. ശ്രീ. രാധാകൃഷ്ണപിള്ള ഒരു അദ്ധ്യാപകനാണ്. അതുപോലെ. ശ്രീ. രശ്മികുമാർ സി.പി.ഐ.യിലെ ഓഫീസിലെ സെക്രട്ടറിയാണ്. അദ്ദേഹത്തിന്റെ വീട് തകർത്തു. ശ്രീ. ശശിധരൻപിള്ളയുടെ വീട് തകർത്തു. ശിവപ്രസാദ്, മുരളീധരൻപിള്ള, സേതു എന്നിവരുടെ വീടുകൾ തകർത്തു. എല്ലായിടത്തും ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമാണ് വന്നിരിക്കുന്നത്. സ്വർണ്ണം ഉൾപ്പെടെ എടുക്കാവുന്നത് മുഴുവനും എടുത്തുകൊണ്ടുപോയി. തിരുവനന്തപുരത്തുനിന്നും എറണാകുളത്തുനിന്നും ആളുകളെ കൊണ്ടുവന്നാണ് ഈ കൊള്ള നടത്തിയത് എന്നാണ് പറയുന്നത്. വളരെ അപകടകരമായ രീതിയിൽ കഴിയുന്ന ആളുകൾക്ക് സഹായം ചെയ്യണം. ആഭ്യന്തരമന്ത്രി എന്ന നിലയിലല്ല മുഖ്യമന്ത്രി എന്ന നിലയിൽ റവന്യൂ ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് അന്വേഷിപ്പിച്ച് ഈ പാവപ്പെട്ട ആളുകൾക്കുള്ള നഷ്ടം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെതന്നെ വളരെ കർശനമായി കേസ് എടുക്കുകയും വേണം. ഇവിടെ നടക്കുന്നത് ഒരു കേസ് എടുത്താൽ പ്രതി കൊടുക്കുന്ന ലിസ്റ്റ് അനുസരിച്ച് സാക്ഷികളെ വയ്ക്കുകയും കോടതിയിൽ ചെല്ലുമ്പോൾ സാക്ഷികൾ കൂറുമാറുകയും ചെയ്യുന്ന ഒരു പ്രവണതയാണ് എല്ലാ കേസുകളിലും കണ്ടുവരുന്നത്. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ഡി.ജി.പി.യുമായിട്ട് ബന്ധപ്പെട്ടു. ക്രൈം ഡിറ്റാച്ച്മെന്റിന് ഈ കേസ് വിട്ടു, അങ്ങ് അറിഞ്ഞിരിക്കണം ഈ പ്രതി പല കേസുകളിൽ പ്രതിയായിട്ട് ആ പ്രതിക്ക് എതിരായി അനേകം വാറണ്ടുകൾ, ജാമ്യമില്ലാത്ത വാറണ്ടുകൾ, കോടതി ഇഷ്യൂ ചെയ്തിട്ട്, അയാളെ വർഷങ്ങളായി അറസ്റ്റ് ചെയ്തിട്ടില്ല, അയാളാണ് മദ്യമാഫിയയുടെ നേതാവ്. അയാൾ അവിടെയൊക്കെയുണ്ട്. ഒരു ബുദ്ധിമുട്ടുമില്ലാതെ അയാൾ അവിടെയൊക്കെ താമസമുണ്ട്. പ്രതിയെ കണ്ടില്ല എന്ന് കോടതിയിൽ കടലാസ് കൊടുക്കുക എന്നുള്ളതല്ലാതെ യാതൊന്നും ചെയ്യുന്നില്ല. അതുകൊണ്ട് വളരെ അപകടകരമായി ആശുപത്രിയിൽ കിടക്കുന്നവർക്ക് ചികിൽസാ സഹായവും ഈ കുഴപ്പങ്ങൾ ഉണ്ടായവർക്ക് അതിനുള്ള സഹായവും നൽകുവാൻ മുഖ്യമന്ത്രി പ്രത്യേകം ശ്രദ്ധിക്കണം. പോലീസിന്റെ സംവിധാനത്തിൽ ഒരു മാറ്റം ഈ സംഭവം ഉണ്ടാകുന്നതിനു മുമ്പുതന്നെ ഞാൻ മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടതാണ്. നിലവിലുള്ള സംവിധാനത്തിൽ ഒരു മാറ്റം അടിയന്തിരമായി അവിടെ ഉണ്ടാകണം. ഗവൺമെന്റ് പോലീസ് ഉദ്യോഗസ്ഥൻമാരുടെ കാര്യത്തിൽ ഊർജ്ജിതമായില്ല എന്നു ഞാൻ പറയുന്നില്ല. ഡി.ജി.പി. യുമായി ബന്ധപ്പെട്ടതിനുശേഷം വളരെ ഊർജ്ജിതമായി അന്വേഷണം നടക്കുകയും ഒൻപതു പ്രതികളെ ഇന്നലെവരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇല്ല എന്നു ഞാൻ പറയുന്നില്ല. പക്ഷെ ഇത് കുറേക്കാലമായി പുകഞ്ഞുനീറുന്ന സംഭവങ്ങളാണ്. അതിന്റെ പുറകിലുള്ള കാര്യങ്ങൾ മുഖ്യമന്ത്രി മനസ്സിലാക്കണം. ഇനി ഇത്തരം സംഭവങ്ങൾ ആ പ്രദേശത്ത് ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ള ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമായിട്ടാണ് ഗവൺമെന്റ് കാണുന്നത്. ആ സംഭവം വളരെ നിർഭാഗ്യകരമായിരുന്നു. വാടക ഗുണ്ടകളെ ഉപയോഗിച്ചുകൊണ്ട് ഏതെങ്കിലും വിധത്തിലുള്ള എതിർപ്പുകൾ തീർക്കാനോ എതിരാളികളെ വകവരുത്താനോ ആര് ശ്രമിച്ചാലും അത് അംഗീകരിച്ചുകൊടുക്കാൻ സാദ്ധ്യമല്ല. ഇവിടെ നാലാം തീയതി സംഭവം ഉണ്ടായപ്പോൾ ഡി.ഐ.ജി. തന്നെ സ്ഥലത്തുപോയി, ഉയർന്ന ഉദ്യോഗസ്ഥൻമാരൊക്കെ സാഹചര്യങ്ങൾ വിലയിരുത്തി, അതിന്റെ അടിസ്ഥാനത്തിൽ 143, 147, 148, 149, 307 എന്നീ വകുപ്പുകൾ പ്രകാരം കേസ് എടുക്കുകയും എട്ടു പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. രണ്ടു പ്രധാന പ്രതികളിൽ ഒരാൾ അനി, മറ്റൊരാൾ സന്തോഷ്. അനി എന്നുപറഞ്ഞ പ്രധാന പ്രതിയെ ഹാജരാക്കാമെന്ന് കൊട്ടരക്കരയിലെ ഒരു നേതാവ് ഇന്നലെ പോലീസ് സ്റ്റേഷനിൽ പറഞ്ഞു, അപ്പോൾ അതുവേണ്ട, ഞങ്ങൾ അറസ്റ്റ് ചെയ്തോളാം എന്നാണ് പോലീസ് പറഞ്ഞത്. നേതാക്കൻമാർ ഇതുപോലുള്ള കേസുകളിൽ പ്രധാന പ്രതികളെ പോലീസ് സ്റ്റേഷനിൽ ഹാജരാക്കുന്ന സിസ്റ്റം ഈ ഗവൺമെന്റ് അംഗീകരിക്കുന്നില്ല. അതുകൊണ്ടാണ് അത് വേണ്ട എന്നുപറഞ്ഞിട്ടുള്ളത് അനി അടക്കമുള്ള മറ്റു പ്രതികളെ അറസ്റ്റ് ചെയ്യും. അങ്ങേക്ക് ഞാൻ ഉറപ്പുതരുന്നു, കർശനമായിട്ടുള്ള നടപടികൾ ഇക്കാര്യത്തിൽ ഉണ്ടാകും. വാടക ഗുണ്ടകളെക്കൊണ്ട് കാര്യങ്ങൾ നടത്തിക്കാമെന്ന് ആര് ധരിച്ചാലും അത് നടപ്പില്ല എന്ന് ബോദ്ധ്യപ്പെടും. ഈ കേസിൽ ഈ പ്രധാന സംഭവം നടക്കുന്നതിനു മുമ്പ് ഒരു സംഭവം ഉണ്ടായി; 2-3-2005-ൽ അന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഇതുസംബന്ധിച്ച് പോലീസ് ഫലപ്രദമായ നടപടി എടുത്തിരുന്നു എങ്കിൽ ഈ രണ്ടാമത്തെ സംഭവം ആവർത്തിക്കുമായിരുന്നില്ല. രണ്ടാം തീയതിയുണ്ടായ സംഭവത്തിൽ കേസ് എടുക്കാത്തതിന്റെ പേരിൽ, ആ കാര്യത്തിൽ വീഴ്ച വരുത്തിയ സി.ഐ. യേയും, എസ്.ഐ. യേയും സസ്പെന്റ് ചെയ്തുകഴിഞ്ഞു. അന്ന് ഫലപ്രദമായ നടപടി എടുത്തിരുന്നു എങ്കിൽ രണ്ടാമത്തെ സംഭവം ഉണ്ടാകുമായിരുന്നില്ല. അങ്ങ് ഇവിടെ പറഞ്ഞത് രണ്ടാമത്തെ കാര്യമാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: Non-bailable warrant ഉള്ള കക്ഷിയെ അറസ്റ്റ് ചെയ്യാത്ത ആളുകൾ ആരാണെന്ന് അങ്ങേക്ക് അന്വേഷിക്കാമല്ലോ ?

ശ്രീ. ഉമ്മൻചാണ്ടി: ഞാൻ പറഞ്ഞല്ലോ അനി എന്നുപറഞ്ഞ ആളെ കൊട്ടാരക്കരയുള്ള ഒരു നേതാവ് സ്റ്റേഷനിൽ ഹാജരാക്കാമെന്ന് എസ്.ഐ. യോട് പറഞ്ഞു. പക്ഷെ അതു വേണ്ട എന്നുപറഞ്ഞു. ഏതു പ്രതിയാണെങ്കിലും ആ പ്രതിയെ പോലീസ് അറസ്റ്റ് ചെയ്യും. അറസ്റ്റ് വാറണ്ട് ഉണ്ടെങ്കിലും ഇല്ലെങ്കിലും കേസിൽ പ്രതിയാണെങ്കിൽ നടപടിയെടുക്കും. ഈ നേതാവ് പറഞ്ഞിട്ടും വേണ്ട എന്നുപറഞ്ഞത് പോലീസിന് ആ പ്രതിയെ അറസ്റ്റ് ചെയ്യാം എന്ന് ആത്മവിശ്വാസം ഉള്ളതുകൊണ്ടു തന്നെയാണ്. ഈ ആദ്യത്തെ സംഭവത്തിൽ പോലീസിന്റെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ട്. രണ്ടാമത്തെ സംഭവത്തിൽ ഫലപ്രദമായി നടപടി എടുത്തിട്ടുണ്ട്. ഡി.ഐ.ജി. തന്നെ സ്ഥലത്തുചെന്നു, ഉന്നത ഉദ്യോഗസ്ഥൻമാർ സ്ഥലത്തു ചെന്നു. വേണ്ടതെല്ലാം ചെയ്തിട്ടുണ്ട്. ആദ്യത്തെ സംഭവത്തിൽ വീഴ്ച വരുത്തിയതിന് സി.ഐ. യെയും, എസ്.ഐ. യെയും സസ്പെന്റ് ചെയ്തിട്ടുണ്ട്. അങ്ങ് പറഞ്ഞു മൂന്നര കൊല്ലമായിട്ടിരിക്കുന്നു എന്ന്. ഞാൻ ഈ സ്ഥാനത്തു വന്നിട്ട് ആറു മാസമേ ആയിട്ടുള്ളൂ. ഈ മൂന്നു കൊല്ലവും അങ്ങ് മന്ത്രിയായിരുന്ന സമയത്ത് ഇവർ ഉദ്യോഗസ്ഥൻമാരായിരുന്നു. എനിക്ക് എന്തു ചെയ്യാൻ പറ്റും, ഞാൻ വന്നിട്ട് ആറുമാസമല്ലേ ആയിട്ടുള്ളൂ? ഞാൻ വ്യാപകമായ ഒരു ട്രാൻസ്ഫറും ചെയ്തിട്ടില്ല. ഞാൻ വ്യാപകമായിട്ട് ആളുകളെ മാറ്റിയിട്ടില്ല. അങ്ങ് എന്റടുത്തു വന്ന് പറഞ്ഞപ്പോൾ ഞാൻ പറഞ്ഞു ഏപ്രിൽ മാസത്തിൽ നിശ്ചയമായിട്ടും ചെയ്തിരിക്കും എന്ന്. ഈ കേസുമായി ബന്ധപ്പെട്ട് ആ ഉദ്യോഗസ്ഥന് സസ്പെൻഷനായിട്ടുണ്ട്.

(2) തൊടുപുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ തിരുവാഭരണ മോഷണം

ശ്രീ. പി.ടി. തോമസ്: സർ, നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള തൊടുപുഴ ശ്രീകൃഷ്ണ സ്വാമിക്ഷേത്രത്തിലെ തിരുവാഭരണം കുറച്ച് നാൾ മുമ്പ് മോഷണം പോകുകയുണ്ടായി. അത് കണ്ടുപിടിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ക്ഷേത്രങ്ങൾ കുത്തിത്തുറന്ന് തിരുവാഭരണങ്ങൾ മോഷ്ടിക്കുക പതിവാക്കിയിട്ടുള്ള കള്ളൻമാർ നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി ഉണ്ടെന്നാണ് മനസ്സിലാക്കുന്നത്. അവിടത്തെ ഭക്തജനങ്ങൾ വളരെയേറെ ദുഃഖത്തിലാണ്. തിരുവാഭരണം തിരിച്ചുകിട്ടുന്നതിനു വേണ്ടിയുള്ള അന്വേഷണം ശക്തിപ്പെടുത്തണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത് ലോക്കൽ പോലീസ് ആദ്യം അന്വേഷിച്ചു, പിന്നീട് ക്രൈം ബ്രാഞ്ചിന് വിടുകയുണ്ടായി. ക്രൈം ബ്രാഞ്ചിന് വിട്ടിട്ടും തിരുവാഭരണം വീണ്ടെടുക്കുവാനോ കണ്ടെത്തുവാനോ കഴിഞ്ഞിട്ടില്ല. അവിടത്തെ പതിനായിരക്കണക്കിന് ഭക്തജനങ്ങളേയും, നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ശ്രീകൃഷ്ണ ക്ഷേത്രത്തിന്റെ ഔന്നത്യവും ഒക്കെ കണക്കിലെടുത്ത് ഈ അന്വേഷണം ഊർജ്ജിതപ്പെടുത്തി കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly